നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## 2009 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് 04.08.2009 ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നു

രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതിയ കോഴ്സ്/കോളേജുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനും 26.07.2009 മുതൽ 31.07.2009 വരെ സൗകര്യം നൽകിയിരുന്നു. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **04.08.2009** ന് വൈകുന്നേരം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമായിരിക്കും. ഹോം പേജിൽ നിർദ്ദേശിച്ചിട്ടുള്ള തുക വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ആഗസ്റ്റ് 5 മുതൽ 8-ാം തീയതി ഉച്ചയ്ക്ക് 12 മണി വരെ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീസടച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും **ആഗസ്റ്റ് 10, 11, 12 തീയതികളിൽ** പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള രേഖകൾസഹിതം, അവർക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. മെഡിക്കൽ/ഡന്റൽ കോളേജുകളിൽ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ, അവർക്ക് ഈ അലോട്ട്മെന്റ് പ്രകാരം കോളേജ് മാറ്റം ലഭിക്കുന്നപക്ഷം, നിലവിലുള്ള കോളേജിൽ നിന്നും ടി.സിയും മറ്റ് രേഖകളും കൈപ്പറ്റി, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **ആഗസ്റ്റ് 10, 11, 12 തീയതികളിൽ** ഹാജരായി പ്രവേശനം നേടേണ്ടതാണ്.

എൻജിനീയറിംഗ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ താഴെ പറഞ്ഞിരിക്കുന്ന ദിവസ/സമയ ക്രമമനുസരിച്ച് നിശ്ചിത കോഴ്സുകളിലേക്ക് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

| **സമയം** | 10.08.2009 | 11.08.2009 | 12.08.2009 |
|---|---|---|---|
| **9 മണി** | സിവിൽ എഞ്ചിനീയറിംഗ് (**CE**), ഡെയറി സയൻസ് & ടെക്നോളജി (**DS**), അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് (**AG**), ഫുഡ് ടെക്നോളജി (**FT**), ഇൻഫർമേഷൻ ടെക്നോളജി (**IT**) | മെക്കാനിക്കൽ എഞ്ചിനീയറിംഗ് (**ME**), ബയോ ടെക്നോളജി (**BT**), മെക്കാനിക്കൽ പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് (**MP**) | ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (**EC**), അപ്ലൈഡ് ഇലക്ട്രോണിക്സ് (**AE**), ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ (**EI**), പ്രിന്റിംഗ് ടെക് നോളജി (**PT**) |

| | | | |
|---|---|---|---|
| **1 മണി** | ആർക്കിടെക്ച്ചർ (**AR**), ഇൻസ്ട്രുമെന്റേഷൻ & കൺട്രോൾ (**IC**), ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് (**BM**) | കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് (**CS**), ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് (**IE**), പ്രൊഡക്ഷൻ പ്ലാന്റ് (**PP**), മെക്കാനിക്കൽ ഓട്ടോമൊബൈൽ (**MA**), ഓട്ടോ മൊബൈൽ (**AU**) | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (**EE**), കെമിക്കൽ എഞ്ചിനീയറിംഗ് (**CH**), പോളിമർ എഞ്ചിനീയറിംഗ് (**PO**), എയ്റോ നോട്ടിക്കൽ എഞ്ചിനീയറിംഗ് (**AO**) |

നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ച്/പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, അവരുടെ എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.

**എല്ലാ കോഴ്സുകളിലെയും ക്ലാസുകൾ 17.08.2009 നു തുടങ്ങും.**

രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഇനിയുള്ള അലോട്ട്മെന്റുകളിലേക്ക് ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ഹയർ ഓപ്ഷന് അർഹതയുണ്ടായിരിക്കുകയില്ല. ഇപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ ഫീസ് തിരികെ നൽകുന്നതാണ്. ഈ കോളേജുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 14-ാം തീയതി വരെ അഡ്മിഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. ഇവർക്ക് ബാങ്കിൽ ഒടുക്കിയ ഫീസ് തിരികെ നൽകുന്നതാണ്. ആഗസ്റ്റ് 14-ാം തീയതിക്കു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് അഡ്മിഷൻ ക്യാൻസൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ കോഴ്സ് ഫീസും നൽകിയാൽ മാത്രമേ ടി.സിയും മറ്റ് രേഖകളും അതാത് കോളേജുകളിൽ നിന്നും ലഭിക്കുകയുള്ളു.

സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെഡിക്കൽ, ഡന്റൽ, ആയുർവ്വേദ, സിദ്ധ കോഴ്സുകളിലേയ്ക്കും, സർക്കാർ, സർക്കാർ-നിയന്ത്രിത കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കും അലോട്ട്മെന്റ് നടപടികൾ തുടരുന്നതാണ്.

രണ്ടാംഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ്/അഡ്മിഷൻ റദ്ദു ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, പ്രവേശനം നേടിയ കോളേജിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി **14.08.2009 ന്** മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഇപ്പോൾ നിലവിലുള്ള എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്. അലോട്ട്മെന്റ്/അഡ്മിഷൻ റദ്ദു ചെയ്യുവാൻ ഫാക്സ് മുഖാന്തിരം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

കോളേജധികൃതർ **'നോൺ ജോയിനിംഗ്'** റിപ്പോർട്ട് **13.08.2009 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് ഫാക്സ് മുഖാന്തിരം (0471-2337228)** പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03.08.2009